DESPATCHED
On...24/5/22...

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.3(1)/2022/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.14/SIC-Gen4/2022**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ
തീയതി: 2022 മേയ് 19

ശ്രീ. രഞ്ജിത്ത് എം.ദാസ്,
രഞ്ജിത്ത് ഭവൻ,
വടക്കേവിള, ആട്ടുകാൽ,
ചുള്ളിമാനൂർ പി.ഒ.,
നെടുമങ്ങാട്, തിരുവനന്തപുരം – 695 541.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പ്രഥമാധ്യാപിക,
   ജി.എൽ.പി.എസ്., കുഴിവിള,
   ഇരിഞ്ചയം പി.ഒ., നെടുമങ്ങാട് – 695 561.

2. അപ്പീൽ അധികാരി &
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
   നെടുമങ്ങാട്, തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 16.03.2022–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഒന്നാം എതിർകക്ഷി ആയ ശ്രീമതി സിന്ധു വി.കെ.നായർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, 2020 ജൂൺ 15–ന് പ്രഥമാധ്യാപിക സ്ഥലം മാറി പോയതിനെ തുടർന്ന് ചാർജ് വഹിച്ചിരുന്ന സമയത്താണ് ശ്രീമതി ദീപാറാണി വി.ടി. ടി സ്കൂളിൽ എൽ.പി.എസ്.എ. ആയി സർവ്വീസിൽ പ്രവേശിച്ച സമയത്ത് നിയമന ഉത്തരവിനോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രഞ്ജിത്ത് എം.ദാസ് വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും ടി അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനായി ഓഫീസിലെ ഫയലുകളെല്ലാം പരിശോധിച്ചുവെങ്കിലും

ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്താൻ കഴിയാത്തതിനാലാണ് ശ്രീ. രഞ്ജിത്ത് എം.ദാസ് ആവശ്യപ്പെട്ട രേഖകൾ ഓഫീസ് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ലായെന്ന് മറുപടി നൽകിയതെന്നും തുടർന്ന് ഹർജിക്കാരൻ അപ്പീൽ പോയതിനെ തുടർന്ന് ശ്രീമതി ദീപാറാണി വി.ടി. ജോലിയിൽ പ്രവേശിച്ച സമയത്തുണ്ടായിരുന്ന പ്രഥമാധ്യാപികയോട് വീണ്ടും ഇക്കാര്യത്തെപ്പറ്റി വിവരമാരാഞ്ഞപ്പോൾ യഥാർത്ഥ രേഖകളെല്ലാം മേലധികാരി കണ്ട് ബോധ്യപ്പെട്ടശേഷം ആയത് ശ്രീമതി ദീപാറാണിയുടെ സേവന പുസ്തകത്തിൽ പതിച്ചു സൂക്ഷിക്കുകയും ശ്രീമതി ദീപാറാണി സ്ഥലം മാറി ജി.എൽ.പി.എസ്. കൊല്ലയിലേക്ക് പോയപ്പോൾ ടിയാളുടെ സേവനപുസ്തകം പ്രസ്തുത സ്കൂളിലേക്ക് കൈമാറിയിട്ടുള്ള വിവരമാണ് ലഭിച്ചതെന്നും ആദ്യമായി ടീച്ചർ-ഇൻ-ചാർജ് ആയ ടിയാൾക്ക്, വിവരാവകാശ അപേക്ഷയിലെ കാര്യം മറ്റൊരു പൊതു അധികാരസ്ഥാനവുമായി ബന്ധപ്പെട്ടവയാണെന്ന് കണ്ടാൽ എത്രയും പെട്ടെന്ന് അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട എസ്.പി.ഐ.ഒ.മാർക്ക് വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം അയച്ചു കൊടുത്ത് ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണെന്നുള്ള കാര്യം അറിയില്ലായിരുന്നുവെന്നും അതിനാലാണ് ശ്രീമതി ദീപാറാണി വി.ടി. സ്ഥലം മാറി പോയ കൊല്ല സ്കൂളിലേക്ക് ശ്രീ. രഞ്ജിത് എം.ദാസിന്റെ വിവരാവകാശ അപേക്ഷ അയച്ചു കൊടുത്ത വിവരം ഹർജിക്കാരനെ അറിയിക്കാതെ പോയതെന്നും ആയതിനാൽ അറിവില്ലായ്മ പരിഗണിച്ച് മാപ്പ് നൽകി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കില്ലെന്നുമാണ്.

2. ശ്രീമതി സിന്ധു വി.കെ.നായർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മേൽ വിശദീകരണവും നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും അംഗീകരിക്കത്തക്കതാണെന്ന് കണ്ട് ആയത് കമ്മീഷൻ അംഗീകരിച്ച് ടിയാൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാനുള്ള താത്ക്കാലിക തീരുമാനം അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 മേയ് മാസം 19-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *